# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No. 178/PR/PIC/PHQ/18 Date : 21.07.2018

---

**സൈബർ കേസുകളുടെ അന്വേഷണം ഇനി മുതൽ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും**

സൈബർ കേസുകൾ അതത് പോലീസ് സ്റ്റേഷനുകളിൽ തന്നെ എഫ്. ഐ.ആർ രജിസ്റ്റർ ചെയ്ത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ അന്വേഷണം നടത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശം നല്കി. ഇതോടെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളും സൈബർ ക്രൈം അന്വേഷണത്തിനു പ്രാപ്തമാകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാവുകയാണ് കേരളം.

ഇതിനായി ഓരോ പോലീസ് സ്റ്റേഷനിലും രണ്ട് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഐ.റ്റി ആക്ടിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള സൈബർ കേസുകൾ നടപടികൾക്കായി സൈബർ സെല്ലിലേയ്ക്ക് അയക്കുന്നതിനു പകരം ഈ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഇനിമുതൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാർതന്നെ അന്വേഷണം നടത്തും. സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് ജില്ലാ സൈബർ സെല്ലിന്റെ സഹായവും തേടാം. സങ്കീർണമായ കേസുകളിൽ ജില്ലാ പോലീസ് മേധാവിമാർക്ക് സൈബർ സെല്ലിനെ അന്വേഷണം ഏൽപ്പിക്കാവുന്നതാണ്.

ഇതിനു പുറമേ, റേഞ്ച് ഐ.ജി മാർക്ക് കൂടുതൽ അന്വേഷണങ്ങൾക്കായി കേസുകൾ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനായി മാത്രം രൂപവത്കരിച്ചിട്ടുള്ള സൈബർ പോലീസ് സ്റ്റേഷനു കൈമാറാവുന്നതാണ്. നിലവിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ ആണ് സംസ്ഥാനത്തിലുള്ളത്. സർക്കാർ തീരുമാന പ്രകാരമുള്ള മൂന്നു സൈബർ പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം പൂർത്തിയാക്കിയവരെ മറ്റു കേസുകളിൽ ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുക തുടങ്ങി സൈബർ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ചുമതലകൾക്കും ഉപയോഗിക്കാം. എന്നാൽ ഇവരെ പൊതുവിലുള്ള മറ്റു ജോലികൾക്കായി ഉപയോഗിക്കാനോ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലല്ലാതെയോ സ്ഥലം മാറ്റാനോ പാടില്ല. സ്ഥലം മാറ്റമോ മറ്റു ചുമതലകൾ നല്കുന്നതോ അനിവാര്യമായ സന്ദർഭങ്ങളിൽ റേഞ്ച് ഐജിമാരുടെ അറിവോടെ മാത്രമേ അതു ചെയ്യാവൂ.

ഇവർക്കായി തുടർ പരിശീലനങ്ങളും നല്കും. ഇതിനായി തിരുവനന്തപുരം റേഞ്ച് ഐ.ജി. മനോജ് എബ്രഹാമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സൈബർ വിഭാഗത്തിനു പുറമേ, കൂടുതൽ സാങ്കേതിക സഹായങ്ങൾക്കായി പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽനിന്നുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനവും ഓരോ പോലീസ് സ്റ്റേഷനിലും ലഭ്യമാക്കും.

പ്രവർത്തനം ശക്തമാക്കുന്നതിനായി ഓരോ സ്റ്റേഷനിലും സുശക്തമായ ഒരു സാങ്കേതിക വിഭാഗം രൂപവത്കരിക്കുക എന്നതാണ് ലക്ഷ്യമെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

********